# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2193** — **20.06.2012-ൽ മറുപടിക്ക്**

## ഹൃദ്രോഗംമൂലം സംസ്ഥാനത്ത് ദിനംപ്രതി മരിക്കുന്ന ആളുകളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്.സലീഖ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹൃദ്രോഗംമൂലം സംസ്ഥാനത്ത് എത്ര പേർ ദിനംപ്രതി മരിക്കുന്നുവെന്ന് പറയാമോ ; ഇത്തരത്തിൽ ഏറ്റവും കൂടുതൽ മരണപ്പെടുന്നതും കുറവ് മരണപ്പെടുന്നതും ഏതൊക്കെ ജില്ല ക്കാരാണ് ; | (എ) ഹൃദ്രോഗംമൂലം സംസ്ഥാനത്ത് ദിനംപ്രതി മരിക്കുന്നവരുടെ കണക്ക് ലഭ്യമല്ല. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും മാസംതോറുമുള്ള കണക്ക് മാത്രമേ ശേഖരിക്കുന്നുള്ളൂ. ഇത്തരത്തിൽ ശേഖരിച്ചതിൽ തിരുവനന്തപുരം ജില്ലയിൽ കൂടുതലും, പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ മരണം കുറവായും കാണപ്പെടുന്നു. |
| (ബി) പ്രസ്തുത രോഗം ഏറ്റവും കൂടുതൽ വരാൻ സാധ്യത എത്ര വയസ്സിനു മുകളിലുള്ളവർക്കാണ് ; നിലവിൽ ചെറുപ്പക്കാരിൽ എത്ര ശതമാനം രോഗബാധിതരാണ് ; | (ബി) ഹൃദ്രോഗം സാധാരണയായി 40 വയസ്സുകഴിഞ്ഞ മധ്യവയസ്കരിലാണ് കൂടുതലായി കണ്ടുവരുന്നത്. തെറ്റായ ജീവിതശൈലികൾ മൂലം ചെറുപ്പക്കാരിലും ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (സി) 1970-80 കാലഘട്ടത്തിൽ പ്രസ്തുത രോഗത്തിന്റെ നിരക്ക് എത്രയായിരുന്നു ; ആയത് ഇപ്പോൾ എത്ര ശതമാനമായി വർദ്ധിച്ചു ; നഗരങ്ങളിൽ ഇത് എത്രശതമാനമായി വർദ്ധിച്ചു ; വിശദമാക്കുമോ ; | (സി) 1970-80 കാലഘട്ടത്തിൽ ഹൃദ്രോഗ സംബന്ധമായ കണക്കുകൾ ശേഖരിച്ചിരുന്നില്ല. |
| (ഡി) ഹൃദ്രോഗമരുന്നിന് ഭീമമായ വിലയാണ് രോഗികളിൽ നിന്നും മരുന്നു കച്ചവടക്കാർ ഇപ്പോൾ ഈടാക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഡി) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഹൃദ്രോഗ മരുന്നു കളിൽ മിക്കവയ്ക്കും ടി സ്ഥാപനം സീലിംഗ് പ്രൈസ് നിശ്ചയിച്ചുറപ്പിച്ചിട്ടില്ല. അതിനാൽ ഇതിനെ നിയന്ത്രിക്കാൻ കഴിയുകയില്ല. എന്നിരുന്നാലും അവശ്യമരുന്നുകൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഇടനിലക്കാരായ മൊത്ത വ്യാപാരികളെ ഒഴിവാക്കി കമ്പനിയിൽ നിന്നും |

മരുന്നുകൾ നേരിട്ട് സംഭരിച്ച് ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള പരമാവധി ചില്ലറ വിൽപന വിലയിൽ നിശ്ചിത ശതമാനം കുറച്ച് വളരെ തുച്ഛമായ ലാഭത്തിൽ മരുന്നു വിൽപന നടത്തുന്ന നീതി, മാവേലി, പേയിംഗ് കൗണ്ടർ എന്നീ സ്ഥാപനങ്ങൾക്ക് മുൻഗണനാക്രമത്തിൽ ലൈസൻസുകൾ അനുവദിച്ചുവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി കേരള സംസ്ഥാനത്തിലെ മുഴുവൻ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.